(ബി) പ്രാഥമികമായി എത്ര കുടുംബങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നത് ; ഈ കുടുംബങ്ങളുടെ വിശദാംശങ്ങൾ ശേഖരിച്ചുവോ ;

(സി) പ്രസ്തുത പദ്ധതിപ്രകാരം എത്ര കുടുംബങ്ങൾക്ക് ഇതിനോടകം സഹായം നൽകാൻ കഴിഞ്ഞു ; ആയതിലേക്ക് എത്ര തുക വിനിയോഗിച്ചു എന്ന് അറിയിക്കുമോ ?

ഉത്തരം

(എ-സി) കരട് പദ്ധതി തയ്യാറാക്കി വരുന്നു. ഹൈക്കോടതി, ഡയറക്ടർ ജനറൽ ഓഫ് പ്രോസിക്യൂഷൻസ് എന്നിവരുടെ അഭിപ്രായം കൂടി പരിശോധിച്ചശേഷം മാത്രമേ പദ്ധതിക്ക് അന്തിമ രൂപം നൽകാൻ കഴിയൂ.

**അന്യസംസ്ഥാന തൊഴിലാളികളുടെ കുടിയേറ്റംമൂലമുണ്ടാകുന്ന ക്രമസമാധാന പ്രശ്നങ്ങൾ**

**39 (1781)** ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അന്യസംസ്ഥാനത്തുനിന്ന് ധാരാളം തൊഴിലാളികൾ കുടിയേറി പാർക്കുന്നതുമൂലം സംസ്ഥാനത്തെ ക്രമസമാധാന രംഗത്തുണ്ടായ പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഓരോ പോലീസ് സ്റ്റേഷൻ പരിധിയിലും ഇങ്ങനെ താമസിക്കുന്നവരുടെ വിവരം ശേഖരിക്കാനും അവരെ നിരീക്ഷിക്കാനും എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ ;

(സി) ഇവ പാലിക്കപ്പെടുന്നുണ്ടോ എന്ന് പരിശോധിക്കുന്നുണ്ടോ ;

(ഡി) കൊണ്ടോട്ടി സർക്കിൾ ഇൻസ്പെക്ടറുടെ പരിധിയിൽ എത്ര അന്യസംസ്ഥാന തൊഴിലാളികൾ കഴിഞ്ഞ മൂന്ന് വർഷത്തിനിടെ കൊല ചെയ്യപ്പെട്ടു എന്ന് വെളിപ്പെടുത്തുമോ ; ഇതുമായി ബന്ധപ്പെട്ട് എത്ര പ്രതികളെ പിടികൂടിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

**വ്യാജ പ്രചാരണത്തിനെതിരായ നടപടി**

**40(1782)** ശ്രീ. സി. കെ. പി. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തദ്ദേശസ്ഥാപനത്തെ തെരഞ്ഞെടുപ്പ് വേളയിൽ, കരിമ്പം പുഴയിൽ (കുറുമാത്തൂർ, തളിപ്പറമ്പ്) മൃതദേഹം കണ്ടതുമായി ബന്ധപ്പെട്ട പത്രവാർത്തയുടെ പേരിൽ വ്യാജപ്രചാരണം നടത്തിയതിനെപ്പറ്റി അന്വേഷണം നടത്തുന്നതിനായി നിവേദനം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ ഇക്കാര്യത്തിൽ നടത്തിയിട്ടുള്ള നടപടികൾ എന്തൊക്കെയാണ് ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വ്യാജപ്രചാരണത്തിന്റെ ഉറവിടം കണ്ടെത്തുവാൻ സാധിച്ചിട്ടുണ്ടോ ;

(സി) അന്വേഷണവിധേയമായി ആരെയെങ്കിലും കസ്റ്റഡിയിലെടുക്കുകയോ ചോദ്യം ചെയ്യുകയോ ചെയ്തിട്ടുണ്ടോ ;

(ഡി) ഇക്കാര്യത്തിൽ എന്ത് അനന്തര നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ-ഡി) വിവരം ശേഖരിച്ചു വരുന്നു.

**അന്താരാഷ്ട്ര കുറ്റവാളികളെ പിടികൂടിയ സംഭവങ്ങൾ**

41 (1784) ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :

ശ്രീ. കെ. അച്ചുതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഇതുവരെ സംസ്ഥാനത്ത് നിന്നും അന്താരാഷ്ട്ര കുറ്റവാളികളെ പിടികൂടിയ എത്ര സംഭവങ്ങൾ ഉണ്ടായിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ ;

(ബി) തീവ്രവാദത്തിന്റെ പേരിൽ അന്താരാഷ്ട്ര കുറ്റവാളികളായി പ്രഖ്യാപിച്ചിരുന്നവർക്ക് സംസ്ഥാനത്ത് എത്തിച്ചേരുന്നതിനും താമസിക്കുന്നതിനും സൗകര്യമൊരുക്കിയതിന്റെ പേരിൽ എത്ര കേസുകൾ എടുത്തു ; എത്ര പേരെ ശിക്ഷിച്ചു ?

ഉത്തരം

(എ) ഒരു സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡോ. സി. സി. തോമസ് എന്നയാളെ നൈജീരിയക്കാരായ (1) ജോൺസൺ (2) മിഖായേൽ ബെനിയാറാ മുസോബ എന്നീ പ്രതികൾ ഒരു വർഷം മുൻപ് ആശുപത്രി തുടങ്ങുന്നതിന് 15 മില്യൺ ഡോളർ തരാമെന്ന് ഇന്റർനെറ്റിലൂടെ പറഞ്ഞ് വിശ്വസിപ്പിച്ച് സുമാർ 25 ലക്ഷം രൂപ വാങ്ങി ഡോളറാറാണെന്ന് പറഞ്ഞ് വിശ്വസിപ്പിച്ച് ഒരു പെട്ടിയിൽ കറുത്ത കടലാസുകൾ കൊടുത്ത് ചതിചെയ്തു എന്ന കാര്യത്തിന് 17-3-2010-ാം തീയതി കരിപ്പൂർ പി.എസ്.-ൽ ക്രൈം 105/10U/s 420 r/w 34 IPC and Sec. 66 (C) of IT Act ആയി കേസ് രജിസ്റ്റർ ചെയ്ത് രണ്ടു പ്രതികളെയും അറസ്റ്റ് ചെയ്ത് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതാണ്.

(ബി) അത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly